ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്. സംസ്ഥാനത്തെ 1500 റേഷൻ കടകളെ തെരഞ്ഞെടുത്ത് ശബരി സ്റ്റോറുകളാക്കി മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങൾ വിൽപ്പന നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പൊതുവിതരണ സംവിധാനം കാലാനുസൃതമായി പുനഃസജ്ജീകരിച്ച് കാര്യക്ഷമമാക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്, റേഷൻ വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അന്ത്യോദയ അന്നയോജന പദ്ധതിയിൽ 114400 കുടുംബങ്ങളെ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിച്ചിട്ടുണ്ട്.

(സി) ബി.പി.എൽ. കാർഡ് ഉടമകൾക്ക് പ്രതിമാസം കാർഡ് ഒന്നിന് 35 കി. ഗ്രാം ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിൽ 75 ശതമാനം അരിയും 25 ശതമാനം ഗോതമ്പും ആണ് നൽകുന്നത്. ആൾ ഒന്നിന് പ്രതിമാസം 400 ഗ്രാം പഞ്ചസാര വിതരണം നടത്തുന്നുണ്ട്. ബി.പി.എൽ. കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന ഗോതമ്പിന്റേയും പഞ്ചസാരയുടേയും അളവ് വർദ്ധിപ്പിക്കേണ്ട സാഹചര്യം നിലവിലില്ല.

സ്വകാര്യ വൈദ്യുത പദ്ധതികൾ

*28 [588] ശ്രീ. എ. എ. അസീസ്:

„ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ വൈദ്യുതി പദ്ധതികൾ തുടങ്ങുന്നതിന് ആർക്കെങ്കിലും അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾ വഴി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആർക്കെല്ലാമാണ് അനുമതി നൽകിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly